
## ധൂർത്തിന്റെ മണിമന്ദിരങ്ങൾ

**'ധൂർത്തിന്റെ** മണിമാളികകൾ' എന്ന തലക്കെട്ടിൽ കൊടുത്ത (*വഴിവെളിച്ചം*, ലക്കം 5) ഹദീസ് സന്ദർഭോചിതമായി.

വീടുകൾ ഉണ്ടാക്കുന്നതിലും മോടി പിടിപ്പിക്കുന്നതിലും മുസ്‌ലിം സമൂഹം കാണിക്കുന്ന മത്സരബുദ്ധി അമ്പരപ്പിക്കുന്നതാണ്. ഏതാനും വർഷം മുമ്പ് മാത്രം നിർമിക്കപ്പെട്ട വീടുകളിലെ നിലം കുത്തിപ്പൊളിച്ച് പുതിയതരം ഫാഷൻ മാർബിളും ടൈൽസും പതിക്കുന്നത് ഇന്ന് പതിവ് കാഴ്ചയാണ്. തറ സിമന്റിട്ട നിലങ്ങൾ പൊളിച്ചു മാറ്റി, മാർബിളിലേക്കും കടപ്പകളിലേക്കും പിന്നെ ടൈൽസിലേക്കും ഒടുവിൽ ഗ്രാനൈറ്റ്, മർഡോണൈറ്റിലേക്കും ഫാഷനനുസരിച്ച് മാറി മാറി വിരിച്ച് പൊങ്ങച്ച പ്രകടനങ്ങളുടെ മുഖ്യ വേദികളായിക്കൊണ്ടിരിക്കുന്നു ഭവനങ്ങൾ. കൂടാതെ എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിയ ഒരു നില വീടുകൾ, സമീപത്ത് ഉയർന്നുവരുന്ന കൊട്ടാര സമാനമായ വീടുകളെ വെല്ലാൻ വേണ്ടി രണ്ടും മൂന്നും നിലകളുള്ളതാക്കി മാറ്റുന്നു. ഹദീസിൽ പറഞ്ഞ പ്രകാരം, ഈ ആഡംബര വീടുകൾക്ക് നിലനിൽക്കാൻ അർഹതയുണ്ടോ?

**സി. അബ്ദുൽ ഹയ്യ്**
**കുന്ദമംഗലം**

## കത്തുകൾ




# ഇസ്‌ലാമെഴുത്തിലെ മൂന്നാമെഴുത്ത്

**ജമീൽ** അഹ്മദിന്റെ 'ഇസ്‌ലാമെഴുത്തി'ൽ (ലക്കം 7) ചില കാര്യങ്ങളിൽ അവ്യക്തതയുണ്ട്. ഒന്നും രണ്ടും എഴുത്തിന്റെ വിശകലനങ്ങൾ സൂക്ഷ്മമായിരുന്നുവെങ്കിലും, മൂന്നാം എഴുത്തിൽ മുസ്‌ലിം നാമധാരികളും നിഷേധികളുമായ എഴുത്തുകാരെ ഉൾപ്പെടുത്തിയതായി കാണുന്നു. ഇവർക്കുള്ള യോഗ്യത പാരമ്പര്യമായി മുസ്‌ലിം സമുദായത്തിൽ ജനിച്ചു എന്നത് മാത്രമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങളെ നിരാകരിക്കുകയും ദൈവാസ്തിത്വത്തെ പോലും ചോദ്യം ചെയ്യുകയും ചെയ്യുന്ന ഈ എഴുത്തുകാരുടെ രചനകൾ ഇസ്‌ലാമിക സംസ്കാരത്തോട് പുറംതിരിഞ്ഞു നിൽക്കുന്നതുകൊണ്ട്, മുസ്‌ലിമേതര എഴുത്തുകാരേക്കാൾ അവർ അകലെയാണ്. മുസ്‌ലിമേതര എഴുത്തുകാർ പ്രകടിപ്പിക്കുന്ന നിഷ്പക്ഷതയോ ബഹുമാനമോ ഇവരുടെ രചനകളിൽ കാണാനാവില്ല. എൻ.പി മുഹമ്മദിന്റെ 'ദൈവത്തിന്റെ കണ്ണുകൾ' എന്ന നോവൽ പ്രപഞ്ച സൃഷ്ടിപ്പിനെയും ദൈവത്തെയും കുറിച്ചുള്ള നിഷേധഭാവങ്ങൾ ജനിപ്പിക്കുന്നതാണ്. കഥാപാത്രങ്ങളും അവർ ജീവിക്കുന്ന ചുറ്റുപാടും മുസ്‌ലിം ജീവിതവുമായി ഒട്ടിനിൽക്കുന്നതുകൊണ്ടു മാത്രം അടിസ്ഥാന സംസ്കാരത്തെ നിരാകരിക്കുന്ന ഒരു സൃഷ്ടി മൂന്നാമെഴുത്തിന്റെ പരിധിയിൽ നിൽക്കാൻ അർഹമാണോ?

'നിയ്യത്ത്' ഇല്ല എന്നതുകൊണ്ട് മാത്രം ഒന്നും രണ്ടും വിഭാഗങ്ങളിലെ ഇസ്‌ലാമെഴുത്തിലുള്ള മുസ്‌ലിമേതര എഴുത്തുകാരുടെ പ്രസക്തി ഇല്ലാതാകുന്നതായി പ്രബന്ധത്തിൽ പറയുന്നു. കെ.ജി രാഘവൻ നായരുടെ 'അമൃതവാണി'യും വാണിദാസ് എളയാവൂരിന്റെ 'ഖുർആൻ പരിഭാഷ'യും ഒന്നാമെഴുത്തിൽ വരുന്ന സൃഷ്ടികളാണ്. ഇതിൽ എഴുത്തുകാരന്റെ സ്വന്തം ഭാവനകളോ അലങ്കാരങ്ങളോ ഒന്നും പ്രകടമല്ല. ഇസ്‌ലാമിൽ വിശ്വസിക്കാത്ത, അതിന്റെ അസ്തിത്വത്തെ ബഹുമാനിക്കുകയും നിഷ്പക്ഷ സമീപനം സ്വീകരിക്കുകയും ചെയ്യുന്ന മുസ്‌ലിമല്ലാത്ത എഴുത്തുകാരെ നിയ്യത്ത് ഇല്ല എന്നതുകൊണ്ട് മാത്രം ഇസ്‌ലാമെഴുത്തിന്റെ മൂന്നാം വിഭാഗത്തിൽ ചേർക്കാതിരിക്കുന്നത് ശരിയല്ല.

ഈമാൻ പൂർണമാകുന്നതോടു കൂടി ഒരാളുടെ സാഹിത്യ രചന അവസാനിക്കുമോ? ചരിത്രത്തിൽനിന്ന് ഇതിന് ഉദാഹരിക്കുന്ന തെളിവുകൾ യഥാർഥമാണ്. എന്നാൽ ഇത്തരം മഹാവ്യക്തിത്വങ്ങളുടെ പൂർവകാല ചുറ്റുപാടുകൾ അശാന്തിയുടെ തടവറകളായിരുന്നു എന്നു കാണാം. കീഴൊതുങ്ങലിന്റെയും അടക്കത്തിന്റെയും വിനയത്തിന്റെയും മനസ്സുമായി പുതിയ ഒരാദർശത്തിലേക്ക് വരുമ്പോഴുണ്ടാകുന്ന താൽക്കാലിക അപരിചിതത്വത്തിന്റെ ബഹിർസ്ഫുരണമാവാം എഴുത്തിലെ ഈ അനിശ്ചിതത്വം. മറിച്ച് മുസ്‌ലിമായിത്തന്നെ ജനിച്ചു വളർന്ന എഴുത്തുകാർക്ക് ഈ വിരാമം (റൈറ്റേഴ്സ് ബ്ലോക്ക്) അനുഭവപ്പെടുന്നില്ല.

**പുത്തൂർ ഇബ്റാഹീം കുട്ടി**

## ഓർമകൾ പകർത്തിവെക്കുക

**മഞ്ചേരി** അബ്ദുർറഹ്മാൻ കുരിക്കളെക്കുറിച്ച 'ചരിത്രം ഓർക്കുന്നു' എന്ന പരമ്പര പ്രായവ്യത്യാസമില്ലാതെ ആർക്കും വായിക്കാവുന്നത്ര ഹൃദ്യമാണ്. ആദ്യകാല പ്രവർത്തകരുടെ അനുഭവങ്ങളും ത്യാഗ പരിശ്രമങ്ങളും പുതുതലമുറക്കെന്നല്ല, പ്രായമായവർക്കു പോലും വളരെയേറെ പ്രയോജനപ്പെടും.

ഇദ്ദേഹത്തെ പോലെ അറിവും അനുഭവ സമ്പത്തുമുള്ളവർ അറിയപ്പെടാത്തവരായി ഉണ്ടാവും. അവരെ കണ്ടെത്തി അവരുടെ ഓർമകൾ വരുംതലമുറക്കായി രേഖപ്പെടുത്തിവെക്കണം.

**മമ്മൂട്ടി കവിയൂർ**

## തിരുത്ത്

**കെ.പി** രാമനുണ്ണിയുമായി നടത്തിയ സംഭാഷണത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ ലേഖനത്തിൽ (ലക്കം 8) 'പ്രോട്ടോണിനും ന്യൂട്രോണിനും ഉള്ളിൽ കോർക്കുകൾ (cork) ആണ് ഉള്ളത്' എന്ന് കാണുന്നു. യഥാർഥത്തിൽ അത് ക്വാർക് (quark) ആണ്.

**പ്രഫ. മുഹമ്മദ് ശാന്തപുരം**

## ചുരുക്കെഴുത്ത്

**'ഗർഭവ്യവസായം'** പച്ചപിടിക്കുന്നത് ഭാരതത്തിലാണെന്ന വസ്തുത ഖേദകരമാണ്. മൂല്യങ്ങളെയും തത്ത്വസംഹിതകളെയും മാറ്റിനിർത്തി ഭൗതികതയിൽ നാം ആഴ്ന്നുപോയതാവാം ഇതിനൊരു കാരണം. മാതൃത്വവും ഗർഭവും കച്ചവടവത്കരിക്കുന്നതിൽ സാമ്രാജ്യത്വ കഴുകന്മാരുടെ പങ്കുണ്ടോ എന്നും അന്വേഷിക്കേണ്ടതുണ്ട്.

**ഷഫീഖ് കണ്ണാഞ്ചേരി, തിരൂർ**